6176
01/7/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ചൊവ്വന്നൂർ ശിശുവികസന പദ്ധതി ഓഫീസ് ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റ പണി – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.261/2014/സാനീവ                    തിരുവനന്തപുരം, തീയതി 08.04.2014

===================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 04.03.2014 ലെ C3- 29295/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ചൊവ്വന്നൂർ ശിശുവികസന പദ്ധതി ഓഫീസിലെ KL- 01 G7403 നമ്പർ ജീപ്പിന് കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 33,514/- രൂപയുടെ അറ്റകുറ്റ പണികൾ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയെന്നും സർക്കാർ അനുമതിയില്ലാതെ അറ്റകുറ്റപണികൾ നടത്തിയ ഈ നടപടിക്ക് സാധൂകരണം നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചൊവ്വന്നൂർ ശിശുവികസന പദ്ധതി ഓഫീസറുടെ നടപടി ഒരു കീഴ്വഴക്കമാക്കുവാൻ പാടുള്ളതല്ല എന്ന നിബന്ധനയിന്മേൽ ചൊവ്വന്നൂർ ശിശുവികസന പദ്ധതി ഓഫീസിലെ KL- 01 G7403 നമ്പർ ജീപ്പിന് സർക്കാർ അനുമതിയില്ലാതെ 33,514/- രൂപയുടെ അറ്റകുറ്റപണികൾ നടത്തിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഗോവിന്ദൻ നമ്പൂതിരി വി.എസ്**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (28770/ ww3/ 14/Fin നമ്പർ ഫയൽ പ്രകാരം)

വെബ് & ന്യൂമീഡിയ വിഭാഗം( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ